# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4391

**2016 ഒക്ടോബർ 25-ാം തീയതി മറുപടി നൽകേണ്ടത്**

2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുക

| ചോദ്യം<br>ശ്രീ.മോൻസ് ജോസഫ് | മറുപടി<br>ഡോ. റ്റി. എം. തോമസ് ഐസക്<br>ധനകാര്യവും കയറും വകുപ്പ് മന്ത്രി |
|---|---|
| എ) സംസ്ഥാനത്ത് പദ്ധതി പ്രവർത്തനങ്ങൾക്കായി 2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുകയിൽ സെപ്റ്റംബർ 30 വരെ എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ; വകുപ്പുതിരിച്ചുള്ള കണക്ക് അറിയിക്കുമോ; | ബഡ്ജറ്റിൽ തുക വകയിരുത്തുന്നത് വകുപ്പ് അടിസ്ഥാനത്തിലല്ല മറിച്ച്, ധനാഭ്യർത്ഥനയുടെ അടിസ്ഥാനത്തിലാണ്. സംസ്ഥാനത്തെ പദ്ധതി പ്രവർത്തനങ്ങൾക്കായി 2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വിവിധ ധനാഭ്യർത്ഥനകളുടെ കീഴിൽ വകയിരുത്തിയിട്ടുള്ള തുകയിൽ അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം 2016 ആഗസ്റ്റ് 31 വരെ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| ബി) ബഡ്ജറ്റിൽ വകയിരുത്തിയ തുക പൂർണ്ണമായും ചെലവഴിക്കുമെന്ന് ഉറപ്പുവരുത്താൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | 09.12.2015ലെ സ.ഉ(പി) നം.561/2015/ധന പ്രകാരം പദ്ധതി നിർവ്വഹണം വേഗത്തിലാക്കുന്നതിനായുള്ള വിശദമായ പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിക്കുകയുണ്ടായി. ഈ മാർഗ്ഗനിർദ്ദേശപ്രകാരം 2016-17 മുതൽ മുന്തിയ പരിഗണന ആവശ്യമായതും വേഗത്തിൽ നടപ്പിലാക്കുന്നതിന് യോഗ്യമായതുമായ പദ്ധതികൾ ഗ്രീൻ ബുക്കിൽ ഉൾപ്പെടുന്നതാണ്. ബജറ്റ് നിയമസഭ അംഗീകരിച്ചാലുടൻ തന്നെ ഗ്രീൻ ബുക്കിൽ ഉൾപ്പെട്ട സ്കീമുകൾക്കും പ്രോജക്ടുകൾക്കും ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കും. ധനകാര്യ വകുപ്പിന്റെയും ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെയും അഭിപ്രായം വീണ്ടും തേടാതെ തന്നെ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ച തിയതി മുതൽ നിർവ്വഹണ വകുപ്പുകൾക്കും ഏജൻസികൾക്കും പദ്ധതികൾ നടപ്പിലാക്കാനുള്ള സ്വാതന്ത്ര്യം ഉണ്ടായിരിക്കും. 27.02.2016-ലെ സ.ഉ(പി) നം.29/2016/ധന പ്രകാരം ബഹു: മുഖ്യമന്ത്രി അദ്ധ്യക്ഷനായി ഒരു പദ്ധതി പുന:രവലോകന കമ്മിറ്റി രൂപീകരിച്ചു. പ്രസ്തുത കമ്മിറ്റിയുടെ 01.10.2016-ൽ ചേർന്ന യോഗത്തിൽ, എല്ലാ സെക്രട്ടറിമാരും പദ്ധതി ചെലവ് പ്ലാൻ സ്പേസിൽ കൃത്യമായും യഥാസമയത്തും റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണെന്നും പദ്ധതി |

| | |
|---|---|
| | നിർവ്വഹണത്തിന്റെ പുരോഗതി കൃത്യമായ ഇടവേളകളിൽ വിലയിരുത്തേണ്ടതാണെന്നുമുള്ള തീരുമാനങ്ങൾ കൈക്കൊ-ള്ളുകയുണ്ടായി. |

Manjusha

അക്കൗണ്ട്സ് ഓഫീസർ

# അനുബന്ധം

| ധനാഭ്യർത്ഥനയുടെ നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | പദ്ധതി വിഹിതം (ഭേദഗതി പത്രികയിലേത് ഉൾപ്പെടെ)(ലക്ഷത്തിൽ ) | ചെലവഴിച്ച തുക (ലക്ഷത്തിൽ ) |
|---|---|---|---|
| I | സംസ്ഥാന നിയമസഭ | 55.00 | 0.81 |
| II | സംസ്ഥാന ഭരണ തലവൻമാർ , മന്ത്രിമാർ , ആസ്ഥാന ഉദ്യോഗസ്ഥൻമാർ | 23412.02 | 1687.42 |
| III | നീതിന്യായ നിർവ്വഹണം | 735.00 | 118.92 |
| IV | തെരഞ്ഞെടുപ്പുകൾ | 0.00 | 0.00 |
| V | കാർഷികാദായ നികുതിയും വിൽപ്പന നികുതിയും | 80.00 | 0.00 |
| VI | ഭൂനികുതി | 4359.00 | 111.03 |
| VII | മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും | 1050.00 | 273.99 |
| VIII | എക്സൈസ് | 400.00 | 2.80 |
| IX | വാഹന നികുതികൾ | 0.00 | 0.00 |
| X | ട്രഷറികളും അക്കൌണ്ട്കളും | 2270.00 | 341.79 |
| XI | ജില്ലാ ഭരണവും പലവകയും | 670.00 | 116.80 |
| XII | പോലീസ് | 9700.01 | 37.93 |
| XIII | ജയിലുകൾ | 100.00 | 8.55 |
| XIV | സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും | 5430.00 | 531.63 |
| XV | പൊതുമരാമത്ത് | 130238.03 | 60411.88 |
| XVI | പെൻഷനും പലവകയും | 0.00 | 0.00 |
| XVII | വിദ്യാഭ്യാസം , കായിക വിനോദം , കല , സംസ്കാരം | 246702.13 | 35754.84 |
| XVIII | വൈദ്യസഹായ രംഗവും പൊതുജനാരോഗ്യവും | 133006.02 | 23947.57 |
| XIX | കുടുംബക്ഷേമം | 19400.00 | 15454.89 |
| XX | ശുദ്ധജല വിതരണവും ശുചീകരണവും | 109692.00 | 16139.41 |
| XXI | ഭവനനിർമ്മാണം | 8762.01 | 134.94 |
| XXII | നഗരവികസനം | 128600.00 | 18847.22 |
| XXIII | വാർത്താ വിതരണവും പ്രചരണവും | 3800.00 | 839.00 |
| XXIV | തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും | 68624.04 | 12179.11 |
| XXV | പട്ടികജാതി/ പട്ടികവർഗ്ഗ/ മറ്റു പിന്നാക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം | 265958.00 | 44113.00 |
| XXVI | പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് | 1200.00 | 0.00 |
| XXVII | സഹകരണം | 12800.00 | 274.27 |

| | | | |
|---|---|---|---|
| **XXVIII** | പലവക സാമ്പത്തിക സർവ്വീസുകൾ | **259036.03** | **2136.11** |
| **XXIX** | കൃഷി | **151943.00** | **34459.00** |
| XXX | ഭക്ഷ്യ | 3119.02 | 4.52 |
| XXXI | മൃഗസംരക്ഷണം | 23881.00 | 4181.94 |
| XXXII | ക്ഷീരവികസനം | 10833.02 | 191.36 |
| **XXXIII** | മത്സ്യബന്ധനം | **40031.04** | **5845.44** |
| XXXIV | വനം | 28150.00 | 4480.89 |
| XXXV | പഞ്ചായത്ത് | 61661.01 | 12914.44 |
| XXXVI | ഗ്രാമവികസനം | 280832.00 | 20740.14 |
| XXXVII | വ്യവസായങ്ങൾ | 96153.09 | 12693.64 |
| **XXXVIII** | ജലസേചനം | **32090.00** | **13349.00** |
| XXXIX | വൈദ്യുത പദ്ധതികൾ | 14155.01 | 1006.14 |
| **XL** | തുറമുഖങ്ങൾ | **12601.00** | **1516.44** |
| XLI | ഗതാഗതം | 23276.02 | 13282.69 |
| **XLII** | വിനോദ സഞ്ചാരം | **31432.00** | **6580.35** |
| **XLIII** | നഷ്ടപരിഹാരവും അവകാശ കൈമാറ്റങ്ങളും | 0.00 | 0.00 |
| **XLIV** | കണ്ടിജൻസി ഫണ്ട് | **0.00** | **0.00** |
| **XLV** | പലവക വായ്പകളും മുൻകൂറുകളും | 0.00 | 0.00 |
| **XLVI** | സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും | 112283.02 | 114430.17 |

Manjusha
അക്കൗണ്ട്സ് ഓഫീസർ